പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3773 — 23.08. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീ.സി.ദിവാകരൻ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടിയുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ ക്യാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകൂ എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ,ബി .എൽ. തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത ഒഴിവുകളിൽ വകുപ്പിലെ താഴ്ന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ;എങ്കിൽ എത്ര പേരെ ഏതൊക്കെ തസ്തികളിൽ നിന്നാണ് നിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്. താല്കാലികമായും ട്രെയിനിമാരായും മറ്റ് തസ്തികയിൽ നിയമിച്ചിട്ടുള്ളവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. താല്കാലികം<br>ലൈൻമാൻ - ഗ്രേഡ്-II -1<br>ലൈൻമാൻ ഗ്രേഡ്-I -1<br>മീറ്റർ റീഡർ - 7<br>ഓവർസീയർ -14<br>സൂപ്രണ്ട് - 7<br>2. ട്രെയിനി<br>ലൈൻമാൻ - ഗ്രേഡ്-II - 112<br>ലൈൻമാൻ ഗ്രേഡ്-I - 258<br>മസ്ദൂർ -65<br>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - I - 37<br>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - II - 52<br>സീനിയർ ഓഫീസ് അറ്റൻഡന്റ് - 27 |

സെക്ഷൻ ഓഫീസർ